**18U581** (Pages: 2) Name: ……………………

Reg. No…………………..

**FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2020**

(CUCBCSS-UG)

(Regular/Supplementary/Improvement)

**CC15U MAL5 B09 - മലയാള സാഹിത്യ വിമർശനം**

(Malayalam - Core Course)

(2015 Admission onwards)

Time: Three Hours Maximum: 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1. വിദ്യാവിനോദിനി പ്രസിദ്ധീകരിച്ച വർഷം?
2. ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തിന്റെ വേദപുസ്തകം എന്നറിയപ്പെടുന്ന കൃതി?
3. ചെറുകഥാപ്രസ്ഥാനം എന്ന കൃതി ആരുടേത്?
4. രൂപഭദ്രതാവാദം അവതരിപ്പിച്ചതാര്?
5. തോട്ടയ്ക്കാട്ട് ഇക്കാവമ്മയെ സ്ത്രീജാതിയിലെ എഴുത്തച്ഛൻ എന്നു വിളിച്ച താര്?
6. എം. എൻ. വിജയന്റെ 'സഹ്യന്റെ മകൻ എന്ന നിരൂപണത്തിന് അടിസ്ഥാന മായ സാഹിത്യ സിദ്ധാന്തം ഏത്?
7. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ ആര് ?
8. കാന്താരതാരകം ഏതു കൃതിയുടെ വ്യാഖ്യാനമാണ്?
9. പത്തൊൻപതാം നൂറ്റാണ്ടിലെ പ്രൊമിത്യൂസ് എന്ന് എം. ഗോവിന്ദൻ ആരെയാണ് വിശേഷിപ്പിച്ചത്?
10. "ദൈവം മരിച്ചു" ഏതു ആരുടെ വാക്കുകൾ?

**(10 x ½ = 5 Marks)**

II. എല്ലാ ചോദ്യങ്ങൾക്കും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11. എന്താണ് പോഷകവിമർശനം ?
12. മൂന്നുഭാഷാകവികൾ എന്ന നിരൂപണ ഗ്രന്ഥത്തിന്റെ പ്രമേയമെന്ത്?
13. ഹാസ്യത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെ അഭിപ്രായമെന്ത്?
14. എതിർപ്പുകളുടെ മദ്ധ്യത്തിൽ തന്നെയാണ് ശ്രേഷ്ഠമായ കല വിരിഞ്ഞു വന്നത് - ഈ അഭിപ്രായത്തിന്റെ സാംഗത്യമെന്ത്?
15. റിയലിസം എന്താണ് ?

**(5 x 2 = 10 Marks)**

III. അഞ്ചു ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. ആശാന്റെ സീതാകാവ്യം മുൻനിർത്തി സുകുമാർഅഴിക്കോട് മുന്നോട്ട് വയ്ക്കുന്ന നിലപാടുകൾ പരിശോധിക്കുക.

17. സഹ്യന്റെ മകനെന്ന കവിതയിൽ നിറയുന്ന ഗന്ധബിംബങ്ങൾ എം.എൻ. വിജയൻ വിശകലനവിധേയമാക്കുന്നതെങ്ങനെ?
18. പ്രാസവാദം എന്താണെന്ന് വിശദീകരിക്കുക.
19. സി.പി അച്യുതമേനോന്റെ വിമർശനനിലപാടുകൾ വിശദമാക്കുക?
20. ആത്മീയതയുടെ ഡയലറ്റിക്സിനെക്കുറിച്ചുള്ള എം.ഗോവിന്ദന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം?
21. മേതിലിന്റെ കവി ഒന്നുകൂടി സ്വച്ഛന്ദഗമനം ചെയ്യുന്നത് കഥകളിലാണെന്ന് ചിലപ്പോൾ തോന്നുന്നു - ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?
22. "കാളിദാസൻ കാലത്തിന്റെ ദാസൻ" എന്ന ലേഖനത്തിൽ മുണ്ടശ്ശേരി മുന്നോട്ടുവയ്ക്കുന്നസ്ത്രീവാദ ചിന്തകൾഎന്തെല്ലാം?

**(5 x 5 = 25 Marks)**

IV. ഏതെങ്കിലും നാലു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

23. വാക്കും ചിഹ്നവും സൂചകവും സ്വരഘടനയും വിശദമായി പരിശോധിച്ച് എഴുത്തുകാരനെ അറിയുവാനാണ് ആധുനിക വിമർശനത്തിന്റെ ശ്രമം - ഈ നിരീക്ഷണം കെ.പി അപ്പന്റെ തിരസ്കാരം എന്ന ലേഖനത്തെ മുൻനിർത്തി പരിശോധിക്കുക..
24. എഴുത്തുകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള എം. തോമസ് മാത്യുവിന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം ?
25. ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തിന്റെ സവിശേഷതകൾ കേരള കലകളും ഫ്യൂച്ചറിസവും എന്ന ലേഖനം ആസ്പദമാക്കി വിശകലനം ചെയ്യുക.
26. മലയാള സാഹിത്യവിമർശനത്തിലെ ആധുനികതയുടെ വക്താക്കൾ എന്ന നിലയിൽ ജോസഫ് മുണ്ടശ്ശേരി, മാരാർ, എം. പി. പോൾ എന്നിവരുടെ വിമർശനചിന്തകൾ വിലയിരുത്തുക.
27. മലയാളത്തിലെ ആദ്യകാല നിരൂപണത്തിൽ പത്രമാസികകളുടെ സ്വാധീനത്തെക്കുറിച്ച് വിശകലനം ചെയ്യുക.
28. നവവിമർശനത്തിന്റെ സവിശേഷതകൾ കെ. ഇ. എന്നിന്റെ ചെമ്മീനിലെ സംഘർഷങ്ങൾ, വി. സി. ശ്രീജന്റെ കവിതയിലെ അങ്ങാടികൾ എന്നീ ലേഖനങ്ങൾ മുൻനിർത്തി ചർച്ച ചെയ്യുക.

**(4 x 10 = 40 Marks)**

*******